# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5516** **25.10.2011 ൽ മറുപടിക്ക്**

## 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' പദ്ധതി

| **ചോദ്യം**<br>ശ്രീ. ചിറ്റയം ഗോപകുമാർ | **ഉത്തരം**<br>**ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത്‌വകുപ്പു മന്ത്രി)** |
|---|---|
| (എ) തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാനത്തെ 1000 കി.മീ. റോഡുകൾ രാജ്യാന്തര നിലവാരത്തിൽ പുനർ നിർമ്മിക്കുന്നതിനുള്ള സമഗ്ര പദ്ധതി പ്രാവർത്തികമാക്കാൻ രൂപീകരിക്കുന്ന 'സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ' സംബന്ധമായ വിശദാംശം അറിയിക്കുമോ ; | (എ) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെടുന്ന സ്റ്റേറ്റ് ഹൈവേകളും M.D.R-കളും ഉൾപ്പെടുന്ന 1000 കി.മീ റോഡുകൾ അന്താരാഷ്ട്ര നിലവാരത്തിൽ പുനർ നിർമ്മിക്കുവാൻ സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് എന്ന പേരിൽ ഒരു സമഗ്ര പദ്ധതി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രാവർത്തികമാക്കുവാൻ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (എസ്.പി.വി) രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാന സർക്കാരിന്റെ 51% ഓഹരിയും കേരള റോഡ് ഫണ്ട് ബോർഡിന്റെ 49% ഓഹരിയുമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയായിട്ടാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്നത്. പദ്ധതി നടത്തിപ്പിനായി ഏകദേശം 5100 കോടി രൂപയുടെ മുതൽ മുടക്ക് പ്രതീക്ഷിക്കുന്നു. ഇതിൽ ഭൂമി ഏറ്റെടുക്കലിനുവേണ്ടി വരുന്ന 1000 കോടി രൂപ സംസ്ഥാന സർക്കാർ ബജറ്റ് വിഹിതമായി നൽകേണ്ടിവരും. ബാക്കി തുക ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നുമുള്ള ദീർഘകാല വായ്പ, അടിസ്ഥാന സൗകര്യ വികസന ബോണ്ട്, പൊതുസ്വകാര്യ പങ്കാളിത്തം മുതലായ മാർഗ്ഗങ്ങളിലൂടെ കണ്ടെത്തുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ബി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ ധനസഹായം നിലവിൽ ലഭ്യമാകുമോ? | (ബി) ഇല്ല |

സെക്ഷൻ ഓഫീസർ